

യോഹ. 14:1–14

# വചനസന്ദേശം

റവ. ഫാ. ജേക്കബ് കൊഴുവള്ളി

## നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട (യോഹ 14/1–14)

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ. അസ്വസ്ഥത എന്ന വാക്കിന് കേവലമായ ദുഃഖമോ വിഷമമോ എന്നല്ല അർത്ഥം, മറിച്ച്, ഇത് സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ ആന്തരികമായ അഗാധമായ സംഘർഷവും വിഷമവുമാണ്. ഈശോയ്ക്ക് സംഭവിക്കാനിരിക്കുന്ന പീഢാനുഭവത്തിന്റെയും മരണത്തിന്റെയും നാഴികകളിൽ അപ്പസ്തോലന്മാർക്ക് ഉണ്ടാകാനിടയുള്ള അന്ധകാരത്തിന്റെ മണിക്കൂറുകളെ മുന്നിൽ കണ്ടുകൊണ്ടാണ് ഈശോ അവരോട് അസ്വസ്ഥമാകേണ്ടയെന്ന് പറയുന്നത്. തന്റെ ശിഷ്യന്മാരോട് മാത്രമല്ല, എല്ലാ കാലഘട്ടത്തിലും ജീവിക്കുന്ന മനുഷ്യരോട് ഈശോ ആവർത്തിക്കുന്നത് ഇതേ വചനംതന്നെയാണ്. അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരിക ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം യാക്കോബിന്റെ കിണററിൻ കരയിൽ വിശന്നു വലഞ്ഞിരിക്കുമ്പോൾപ്പോലും അവിടുന്ന് സമരിയാക്കാരി സ്ത്രീക്ക് ആശ്വാസമേകി. ഭാരമേറിയ കുരിശും താങ്ങി മരണത്തോടും മുഖാഭിമുഖം കാണുമ്പോഴും ജെറുസലേം പുത്രിമാരെ ഈശോ ആശ്വസിപ്പിച്ചു. തീവ്രവേദനയാൽ പുളയുമ്പോഴും നല്ല കള്ളനോട് അവിടുന്ന് അരുളിച്ചെയ്തു, "നീ ഇന്ന് എന്നോടുകൂടി പറുദീസായിലായിരിക്കും.

സ്വസ്ഥമായ ഒരു ജീവിതത്തിന് ദൈവവിശ്വാസം അത്യന്താപേക്ഷിതമാണ്. ഏശയ്യയുടെ പുസ്തകം 7–ാം അധ്യായത്തിൽ ചിന്തോദീപകമായ ഒരു സംഭവം വിവരിക്കുന്നുണ്ട്. ആഹാസ് യുദയാ രാജാവായിരുന്ന കാലത്ത് സിറിയ രാജാവും ഇസ്രായേൽ രാജാവും സഖ്യം ചെയ്ത് യൂദായോട് യുദ്ധത്തിനു വന്നു. ഇതറിഞ്ഞ മാത്രയിൽ ആഹാസും യൂദയാമുഴുവനും അസ്വസ്ഥരായിത്തീർന്നു. കൊടുങ്കാറ്റിൽ വനത്തിലെ വൃക്ഷങ്ങൾ ഇളകുന്നതുപോലെ രാജാവിന്റെയും ജനത്തിന്റെയും ഹൃദയം വിറച്ചുവെന്നാണ് വചനം പറയുന്നത്. പ്രവാചകനായ ഏശയ്യാ ആഹാസിനെ സമീപിച്ചു പറഞ്ഞു, നിനക്ക് ഒരാപത്തും വരികയില്ല. വചനം പറയുന്നു, വിശ്വസിക്കുന്നില്ലെങ്കിൽ നിനക്ക് സുസ്ഥിതി ലഭിക്കുകയില്ല (ഏശ. 7/9). വിശ്വസിക്കുന്നവനാണ് സുസ്ഥിതി ലഭിക്കുന്നത്. കൊടുങ്കാറ്റിൽ അകപ്പെട്ട അപ്പസ്തോലന്മാർ തോണിയിലിരുന്ന് നിലവിളിച്ച് ഈശോയോട് സഹായത്തിന് അപേക്ഷിക്കുമ്പോൾ ഈശോ നല്കുന്ന മറുപടി ശ്രദ്ധിക്കുക, "അല്പവിശ്വാസികളേ, നിങ്ങളെന്തിന് ഭയപ്പെടുന്നു?" (മത്താ. 8/26). അസ്വസ്ഥമായ മനസ്സുമായി ജീവിതത്തിന്റെ നല്ലൊരു ഭാഗം ചെലവഴിച്ച അഗസ്റ്റിന്റെ പിന്നീടുള്ള പ്രാർത്ഥന വളരെ ശ്രദ്ധേയമാണ്, "ദൈവമേ, അങ്ങ് എന്റെ ആത്മാവിനെ അങ്ങേയ്ക്കായി സൃഷ്ടിച്ചു അങ്ങിൽ അഭയം പ്രാപിക്കുന്നതുവരെ അതെന്നും അസ്വസ്ഥമായിരിക്കും." ദൈവത്തിൽ വിശ്വസിക്കുകയെന്നാൽ എന്താണ് അർത്ഥം? ദൈവത്തിൽ വിശ്വസിക്കുകയെന്നാൽ അവിടുന്ന് അയച്ച അവിടുത്തെ പുത്രനിൽ വിശ്വസിക്കുകയെന്നും ആ പുത്രനിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിൽ വിശ്വസിക്കുകയെന്നുമാണ് അർത്ഥം. ചുരുക്കത്തിൽ ദൈവവചനത്തിൽ വിശ്വസിക്കുക. കാരണം, വചനം ഈശോതന്നെയാണ്.

നമ്മുടെ ജീവിതം അസ്വസ്ഥമായിത്തീരാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, ഈ ജീവിതത്തിന്റെ നശ്വരതയെപ്പറ്റി ധ്യാനിക്കുകയെന്നതാണ്. ഈശോ പറയുന്നു, "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ട് പോകും" (യോഹ 14/3). ജനനം മുതൽ മരണംവരെയുള്ള നമ്മുടെ ഉത്കണ്ഠകൾക്ക് കാരണം ഈ ലോക ത്തിൽ വാസമുറപ്പിക്കാനുള്ള നമ്മുടെ ആഗ്രഹമാണ്. ഈ ലോകജീവിതം കുറച്ചുനേരത്തേക്ക് മാത്രമുള്ള ഒരു യാത്രമാത്രമാണെന്നുള്ള തിരിച്ചറിവ് ഉണ്ടെങ്കിൽ പിന്നെ അസ്വസ്ഥരാകാൻ എന്തിരിക്കുന്നു. ഈ ഭൂമിയിൽ സ്ഥിരമായി കൂടാരമടിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യനെ ഈശോ വിളിക്കുന്ന പേര് ഭോഷൻ എന്നാണ്. ഭോഷനെന്നാൽ ദൈവവിശ്വാസമില്ലാത്തവൻ എന്നർ ത്ഥം. ദൈവമില്ല എന്ന് മൂഢൻ ഹൃദയത്തിൽ പറയുന്നു. (സങ്കീ.14/1) ഹെബ്രായ ലേഖനം നമ്മെ അനുസ്മരിപ്പിക്കുന്നു, "....ഇവിടെ നമുക്ക് നിലനിൽക്കുന്ന

നഗരമില്ല; വരാനിരിക്കുന്ന നഗരത്തെയാണല്ലോ നാം അന്വേഷിക്കുന്നത്" (ഹെബ്ര 13/14).

ജീവിതം സ്വസ്ഥമാകാൻ ദൈവവചനം കാണിച്ചു തരുന്ന വഴിയിലൂടെ സഞ്ചരിക്കാൻ പരിശ്രമിക്കണം. ദൈവം തന്നെയായ വചനമാണ് നമുക്ക് വഴികാട്ടി. ദൈവത്തിന്റെ വചനം നമുക്ക് പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്. ജീവിതത്തിൽ വഴിമുട്ടി നിന്ന അസ്സീസിക്ക് വഴിവിളക്കായത് ദൈവത്തിന്റെ വചനമാണ്. ഈ ലോകമോഹങ്ങളുടെ മായവലയത്തിലായിപ്പോയ ഫ്രാൻസീസ് സേവ്യറിന് മാർഗ്ഗദർശകമായതും ദൈവത്തിന്റെ വചനം തന്നെ. എസക്കിയേലിന്റെ പുസ്തകം വിവരിക്കുന്ന പ്രതീക്ഷ നശിച്ച അസ്ഥികളുടെ താഴ്വരപോലും സജീവമാകുന്നത് ദൈവവചനത്തിന്റെ ശക്തിയാലാണ്. നമ്മുടെ ജീവിതത്തിൽ മാർഗഭ്യംശം സംഭവിക്കാൻപോലും കാരണം വചനം അറിയാത്തതുകൊണ്ടാണെന്ന് ഈശോ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്ക് തെറ്റു പറ്റുന്നു? (മത്താ 22/29).

ദൈവിക പദ്ധതിയിലുള്ള വിശ്വാസമാണ് സ്വസ്ഥമായി ജീവിക്കാനുള്ള ഉൾപ്രേരണ നല്കുന്ന ഒരു ഘടകം. പൂർവ്വപിതാവായ ജോസഫാണ് ഇക്കാര്യത്തിൽ നമുക്ക് മാതൃക. അസ്വസ്ഥനാകാനുള്ള നൂറു കാരണങ്ങൾ ജോസഫിനുണ്ട്. തന്റെ സഹോദരന്മാരാൽ വെറുക്കപ്പെട്ട്, ഉപേക്ഷിക്കപ്പെട്ട്, വില്ക്കപ്പെട്ട്, അന്യദേശത്തേക്ക് നാടുകടത്തപ്പെട്ട ഒരു ചെറുപ്പക്കാരൻ. തടവറയിലും സ്വസ്ഥതയ്ക്കുള്ള സാഹചര്യങ്ങളൊന്നും ജോസഫിനുണ്ടായിരുന്നില്ല. എന്നിട്ടും തന്നെ വിറ്റ സഹോദരന്മാരെ തിരിച്ചുകിട്ടിയപ്പോൾ അവൻ പറയുന്നത് ശ്രദ്ധേയമാണ്, "എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം, ജീവൻ നിലനിർത്താൻവേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കുമുമ്പേ ഇങ്ങോട്ടയച്ചത്" (ഉല്പ 45/5). ദൈവത്തിന്റെ അനന്തപരിപാലനയിൽ ആശ്രയിക്കാൻ ഈശോ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ആകാശത്തിലെ പക്ഷികളെ പോറ്റുന്ന വയലിലെ ലില്ലികളെ അലങ്കരിക്കുന്ന ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സംരക്ഷിക്കു മെന്നും ഈശോ ഉറപ്പുതരുന്നു. എനിക്ക് നിന്നെക്കുറിച്ചുള്ള പദ്ധതി, അത് നിന്റെ നാശത്തിനുള്ളതല്ല, മറിച്ച് ക്ഷേമത്തിനുള്ളതാണെന്ന വചനവും ദൈവത്തിന്റെ പദ്ധതിയിൽ ആശ്രയമർപ്പിച്ച് സ്വസ്ഥരായി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.